# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>മലബാർ സിമന്റ്സ് അഴിമതി കേസ്</u>

1897 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ് അഴിമതിക്കേസ്സിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>മലബാർ സിമന്റ്സ്</u>

1898 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽക്കപ്പെടുന്ന സിമന്റിന്റെ പത്ത് ശതമാനം മാത്രമാണ് മലബാർ സിമന്റിന്റെ വിൽപനയെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് മറികടക്കുന്നതിനും മലബാർ സിമന്റിന്റെ മോഡേണൈസേഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന വിവരം വ്യക്തമാക്കുമോ;

(സി) മലബാർ സിമന്റ്സിൽ സിമന്റ് ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുവായ ലൈംസ്റ്റോൺ അടുത്ത 10 വർഷക്കാലത്തേക്കു കൂടി മാത്രമേ കേരളത്തിൽ നിന്ന് ലഭ്യമാകൂ എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നൂറുകണക്കിനു തൊഴിലാളികൾ പണിയെടുക്കുന്ന മലബാർ സിമന്റിനെ സംരക്ഷിക്കുന്നതിനാവശ്യമായ എന്തെല്ലാം പദ്ധതികൾക്കാണ് സർക്കാർ രൂപംകൊടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) മറ്റ് സിമന്റ് കമ്പനികളിലെ ജീവനക്കാരുടെ ശമ്പളവുമായി താരതമ്യം ചെയ്യുമ്പോൾ മലബാർ സിമന്റ്സിലെ ജീവനക്കാരുടെ ശമ്പളം വളരെക്കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളും ശമ്പളവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ

## 04.10.2011-ലെ മറുപടിക്ക്

(ഇ) മലബാർ സിമന്റിന്റെ മാർക്കറ്റ് സാദ്ധ്യത വിപുലപ്പെടുത്തി കൂടുതൽ വില്പന നടത്തുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖലയുടെ വികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ</u>

1899 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തേക്ക് മുൻ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പൊതുമേഖലയുടെ വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അതിനാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖല സ്ഥാപനങ്ങളുടെ കീഴിൽ പുതിയ പദ്ധതികൾ</u>

1900 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖല സ്ഥാപനങ്ങളുടെ കീഴിൽ ഈ സാമ്പത്തിക വർഷം തന്നെ പുതിയ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇവ ആരംഭിക്കുക ; മൊത്തം എത്ര പദ്ധതികൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാനാകും ; എന്തൊക്കെ പ്രധാനപ്പെട്ട നേട്ടങ്ങൾ ഈ പദ്ധതി മുഖേന കൈവരിക്കാനാകും എന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ തുടക്കം കുറിച്ച പദ്ധതികളെക്കുറിച്ച് സർക്കാർ അവലോകനം നടത്തുകയുണ്ടായോ ; എങ്കിൽ ഇതു സംബന്ധമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

1901 ശ്രീ. റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടി കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൂട്ടികിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ഈ സർക്കാർ നയം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഉല്പാദന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

1902 ശ്രീ. സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിയ പുതിയ പൊതു മേഖലാ സ്ഥാപനങ്ങളുടെ കീഴിലെ പദ്ധതികൾ തൃപ്തി കരമല്ല എന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ കരുതാനുള്ള കാരണങ്ങൾ എന്തൊക്കെ യാണ്;

(സി) പല സ്ഥാപനങ്ങളിലും വൈദ്യുതി, ജീവനക്കാർ, അടി സ്ഥാനസൗകര്യങ്ങൾ എന്നിവ ഇല്ലാതിരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യ ക്തമാക്കുമോ;

(ഇ) ഇവ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യ ക്തമാക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകനം</u>

1903 ഡോ.ടി.എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
,, എം. ചന്ദ്രൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2011 മെയ് മാസത്തിന് ശേഷം എത്ര അവലോകനം നടന്നു;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ 2011 - 12 വർഷത്തെ ആദ്യ ക്വാർട്ടറിലെ അവലോകന റിപ്പോർട്ട് അനുസരിച്ച് എത്ര കമ്പനികൾ ലാഭവും എത്ര കമ്പനികൾ നഷ്ടവും ഉണ്ടാക്കി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകന സംവിധാനം</u>

1904 ശ്രീ. വി. റ്റി. ബല്‍റാം
,, വര്‍ക്കല കഹാര്‍
,, പി. സി. വിഷ്ണുനാഥ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകന സംവിധാനം ശക്തമാക്കാന്‍ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി വെബ് പോര്‍ട്ടല്‍ തുടങ്ങാന്‍ ഉദ്ദേശിച്ചിട്ടുണ്ടോ;

(സി) ആര്‍ക്കാണ് ഇതിന്റെ ചുമതല നല്‍കിയിരിക്കുന്നത്;

(ഡി) വെബ് പോര്‍ട്ടലിന്റെ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കേരള മിനറൽ കോർപറേഷൻ വഴിയുള്ള മണൽ സംഭരണം</u>

1905 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽ ഡവലപ്മെന്റ് കോർപറേഷൻ വഴി കേരളത്തിൽ മണൽഖനനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഡാമുകളിൽ നിന്നാണ്;

(ബി) മിനറൽ ഡവലപ്മെന്റ് കോർപറേഷന് എത്ര ടൺ മണൽ നാളിതുവരെ സംഭരിക്കാൻ കഴിഞ്ഞു;

(സി) ഈ സംഭരണത്തിന് എന്തു തുക ചെലവഴിയ്ക്കുകയുണ്ടായി; എത്ര രൂപ ലാഭം കിട്ടി എന്ന് വിശദമാക്കുമോ;

(ഡി) കരാറുകാർക്ക് മിനറൽ ഡവലപ്മെന്റ് കോർപറേഷൻ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; ഇവർ ആരൊക്കെ യെന്നും ഓരോരുത്തർക്കും നൽകേണ്ട തുക എത്രയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>അല്‍ബാറക്ക് ഫൈനാന്‍ഷ്യല്‍ കോര്‍പ്പറേഷന്‍</u>

1906 ശ്രീ. ഇ. പി. ജയരാജന്‍
,, പി. റ്റി. എ. റഹീം
,, സാജു പോള്‍
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ഐ.ഡി.സിയുടെ സഹകരണത്തോടെ അല്‍ബറാക്ക് ഫൈനാന്‍ഷ്യല്‍ കോര്‍പ്പറേഷന്‍ എന്ന ഒരു സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത സ്ഥാപനം പ്രവര്‍ത്തിച്ചു തുടങ്ങിയോ ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവര്‍ത്തനലക്ഷ്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇസ്ലാം മതവിശ്വാസികളായ വ്യക്തികളില്‍ നിന്നും ധാരാളം പണം നിക്ഷേപമായി സ്വീകരിക്കാന്‍ സാദ്ധ്യതയുള്ള ഈ സ്ഥാപനത്തെ സംസ്ഥാനത്തിന്റെ വികസന പ്രവര്‍ത്തനത്തില്‍ സഹകരിപ്പിക്കാന്‍ ആലോചനയുണ്ടോ ; എങ്കില്‍ ഏതെല്ലാം പദ്ധതികളില്‍?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

വ്യവസായ വളർച്ചാകേന്ദ്രം ആരംഭിക്കാൻ നടപടി

1907

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിരവധി ചെറുകിട വ്യവസായങ്ങളുള്ള നീലേശ്വരം ബ്ലോക്ക് പരിധിയിൽ ഒരു വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

കെ.എം.എം.എൽ. - ൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന പദ്ധതികൾ

1908 ശ്രീ. എം. എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. രാജേഷ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എം.എം.എൽ. - ൽ 2001- 2006 ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കാൻ തീരുമാനിച്ചിരുന്ന ഏതെങ്കിലും പദ്ധതി എൽ.ഡി.എഫ്. സർക്കാർ റദ്ദു ചെയ്യുകയുണ്ടായോ;

(ബി) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പദ്ധതികൾ റദ്ദ് ചെയ്തതിനെതിരെ ഏതെങ്കിലും സ്ഥാപനങ്ങൾ കേസിന് പോയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം കമ്പനികളാണ് കേസ് കൊടുത്ത തെന്നും എന്നാണ് കേസുകൾ ഫയൽ ചെയ്തതെന്നും വ്യക്തമാക്കുമോ;

(ഡി) കേസുകളുണ്ടായിരുന്നുവെങ്കിൽ കമ്പനി താല്പര്യം സംരക്ഷിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ;

(ഇ) റദ്ദാക്കപ്പെട്ട പദ്ധതികളുടെ പിന്നിൽ പ്രവർത്തിച്ചിരുന്ന സംഘത്തിന് സാമ്പത്തിക നേട്ടം ലഭിക്കുന്ന നിലയിൽ കമ്പനിയിലെ ചില ഉദ്യോഗസ്ഥർ ഒത്തു കളിക്കുന്ന തായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ പരാതിയെക്കുറിച്ച് ഫലപ്രദമായ അന്വേഷണം നട ത്തുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കെ.എം.എം.എൽ-ൽ കരിമണലിന്റെ ഉപയോഗം</u>

1909 ശ്രീ. എം. എ ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചവറയിലെ കെ.എം.എം.എൽ എന്ന സ്ഥാപനം എത്ര ടൺ കരിമണൽ ഉപയോഗിക്കുകയുണ്ടായി;

(ബി) ഈ കാലയളവിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ വാങ്ങിയ കരിമണൽ എത്രയാണ്;

(സി) ധാതുമണൽ ഖനനം നടത്തുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അല്ലാതെ മറ്റാർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഖനനം നടത്തുന്നതിന് അനുമതി ഇല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും കരിമണൽ വാങ്ങാനിടയായ സാഹചര്യം വിശദമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പ്രത്യേക സാമ്പത്തിക മേഖല</u>

1910 ശ്രീ. ജി. സുധാകരൻ
'' എസ്. ശർമ്മ
'' സാജു പോൾ
'' പി. ടി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്തി കിട്ടുന്നതിനുവേണ്ടി ഇതിനകം ഏതെല്ലാം വ്യവസായ സംരംഭങ്ങളുടെ നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഭിച്ചവ ഏവ ;

(ബി) ഇതിൽ കേന്ദ്ര സർക്കാരിന് ശുപാർശ ചെയ്ത് അയച്ചിട്ടുള്ളവ ഏതൊക്കെയാണ് ; ഇതിൽ ഏതെങ്കിലും പദ്ധതിയ്ക്ക് ഇതിനകം സെസ് പദവി ലഭിച്ചിട്ടുണ്ടോ ; മുൻസർക്കാരിന്റെ കാലത്ത് സെസ് പദവി ലഭിച്ചവ ഏതൊക്കെയായിരുന്നു ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ സെസ് വ്യവസ്ഥകൾക്ക് പുറമേ സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയ വ്യവസ്ഥകൾ ഈ പദ്ധതി നിർദ്ദേശങ്ങൾക്ക് ബാധകമായിരിക്കുമോ ; ബാധകമാകാത്തവയുണ്ടോ ; എങ്കിൽ ഏവ ; അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് പുറത്ത് തുടങ്ങുന്ന കമ്പനികൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി</u>

1911 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് പുറത്ത് തുടങ്ങുന്ന കമ്പനികൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ പുതിയ ഐ. ടി. നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇ-ഗവേണൻസ് സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള പദ്ധതി</u>

1912 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. വി. ശശി
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വകാര്യ നിക്ഷേപകരെ എമർജിംഗ് കേരള എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ സ്വകാര്യ നിക്ഷേപകരെ ഈ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

എമർജിംഗ് കേരള പദ്ധതി നടത്തിപ്പിനായി ഉന്നതാധികാര സമിതി

1913 ശ്രീ. സി. പി. മുഹമ്മദ്
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള പദ്ധതി നടത്തിപ്പിനായി ഉന്നതാധികാര സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഉന്നതാധികാര സമിതിയുടെ കർത്തവ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ കാഷ്യൂ പ്രോസസിംഗ് യൂണിറ്റ്</u>

1914 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഷ്യൂ പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കുമെന്ന് 2011-12 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ഫൂട്വെയർ വ്യവസായ പാർക്ക്</u>

1915 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ, എടവണ്ണപ്പാറക്കടുത്ത്, ഫൂട് വെയർ വ്യവസായ പാർക്ക് സ്ഥാപിക്കാൻ കിൻഫ്ര ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) ഇതിനായി എത്ര ഏക്കർ ഭൂമിയാണ് കണ്ടെത്തിയത് ;

(സി) ഭൂമി ഏറ്റെടുക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഭൂമി ഏറ്റെടുക്കൽ എന്നത്തേക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>റിട്ടയർമെന്റിന് ശേഷം തുടരുന്ന ഉദ്യോഗസ്ഥൻമാർ</u>

1916 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് റിട്ടയർമെന്റിന് ശേഷം എക്സ്റ്റൻഷൻ നല്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെങ്കിലും കമ്പനികളിൽ ഉന്നത സ്ഥാനങ്ങളിൽ റിട്ടയർമെന്റിന് ശേഷം തുടരുന്ന ഉദ്യോഗസ്ഥൻമാരുണ്ടോ എന്നകാര്യം വ്യക്തമാക്കുമോ ;

(സി) കെ.എം.എം.എല്ലിൽ എക്സീക്യൂട്ടീവ് ഡയറക്ടർ സ്ഥാനത്ത് അത്തരത്തിൽ ആരെങ്കിലും തുടരുന്നുണ്ടോ ;

(ഡി) കഴിഞ്ഞ സർക്കാർ ഒഴിവാക്കാൻ തീരുമാനിച്ച ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ കെ.എം.എം.എല്ലിൽ തുടരുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിന് എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ ;

(എഫ്) ബാഹ്യശക്തികളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് അത്തരക്കാർ തുടരുന്നതെന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>സൂക്ഷ്മ, ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾ</u>

1917 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006 ജൂൺ 1-ാം തീയതി മുതൽ 2011 മാർച്ച് മാസം 31-ാം തീയതി വരെയുള്ള അഞ്ചു വർഷക്കാലത്ത് സംസ്ഥാനത്ത് എത്ര സൂക്ഷ്മ, ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചു ; വർഷാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ ;

(ബി) 2001-2006 കാലത്ത് സംസ്ഥാനത്ത് എത്ര വ്യവസായ ശാലകൾ പൂട്ടുകയുണ്ടായി ; തൻമൂലം എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 2006-2011 കാലത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചു ; എത്ര പേർക്ക് തൊഴിൽ ലഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

**കേരള നിയമസഭ**

**04.10.2011-ലെ മറുപടിക്ക്**

<u>നിക്ഷേപസംഗമം</u>

1918 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം സ്വീകരിക്കുന്നതിനായി നിക്ഷേപ സംഗമം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്നും ഈ പദ്ധതിയിലൂടെ സർക്കാർ എന്ത് തുകയുടെ നിക്ഷേപമാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കമ്പനി</u>

1919 ശ്രീ. പി. കെ. ഗുരുദാസൻ
,, എം.എ. ബേബി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കമ്പനി വൈദ്യുത ബോർഡിനാവശ്യമായ എല്ലാ മീറ്ററുകളും ഉല്പാദിപ്പിക്കുന്നുണ്ടോ ;

(ബി) ബോർഡിനാവശ്യമായ മൊത്തം മീറ്ററുകളും ഇവിടെ ഉല്പാദിപ്പിക്കാൻ ഇപ്പോൾ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ ;

(സി) ഇപ്പോൾ കമ്പനിക്കാവശ്യമായ പ്രവർത്തനമൂലധനം എത്രയാണ്; ഇത് ലഭ്യമായിട്ടുണ്ടോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

പുതുതായി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന വ്യവസായ യൂണിറ്റുകൾ

1920 ശ്രീ. എളമരം കരീം
,, എ. എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010-11 വർഷത്തിൽ പുതുതായി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന 10 വ്യവസായ യൂണിറ്റുകളിൽ പ്രവർത്തനക്ഷമമായവ ഏതെല്ലാമാണ് ;

(ബി) ഈ സ്ഥാപനങ്ങൾ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ ;

(ഡി) എന്നത്തേക്ക് പുതിയ പത്തു യൂണിറ്റുകളും പ്രവർത്തനക്ഷമമാവുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

സിഡ്കോയുടെ പുതിയ പെട്രോൾ പമ്പുകൾ

1921 ശ്രീ. വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) പുതിയ പെട്രോൾ പമ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു തുടങ്ങാൻ ഏതെല്ലാം കമ്പനികളുമായിട്ടാണ് ധാരണയായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ചുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായോ;

(ഡി) ഇതു തുടങ്ങുവാനുള്ള സ്ഥലം ആരാണ് നൽകുന്നത്;

(ഇ) എവിടെയൊക്കെയാണ് ഇത്തരം പമ്പുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി</u>

1922 ശ്രീ. പി. കെ. ഗുരുദാസൻ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. ആർ. രാജേഷ്
'' എസ് രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ; പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവോ; എങ്കിൽ എത്ര;

(ബി) ഈ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

സിൽക്കിന്റെ നവീകരണത്തിനായി നടപടികൾ

1923 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ ഏകവ്യവസായ സ്ഥാപനമായ സിൽക്കിന്റെ നവീകരണത്തിനായി 2006-2011 കാലയളവിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ;

(ബി) ഒറ്റപ്പാലം സിൽക്കിന്റെ നവീകരണത്തിനായി മുൻസർക്കാർ എത്ര രൂപ അനുവദിച്ചു ; എന്തെല്ലാം നവീകരണ പരിപാടികൾ ആണ് നടപ്പിലാക്കിയത് ;

(സി) നവീകരണ പരിപാടിമൂലം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചു ; പുതുതായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കൈത്തറി ഉല്പന്നങ്ങൾക്ക് റിബേറ്റ് പുന:സ്ഥാപിച്ചെടുക്കാൻ നടപടി</u>

1924 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ആർ. സെൽവരാജ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉല്പന്നങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന റിബേറ്റ് പൂർണ്ണമായും പുന:സ്ഥാപിച്ചെടുക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇപ്പോൾ എത്ര ശതമാനം റിബേറ്റാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഉത്സവ സീസണുകളിൽ എത്ര ദിവസം എത്ര ശതമാനം റിബേറ്റാണ് മുൻ സർക്കാർ കൈത്തറിക്ക് നൽകിവന്നിരുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ടെക്സ്റ്റൈൽ മില്ലുകൾ നവീകരിക്കുന്നതിന് പദ്ധതി

1925 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മില്ലുകളുടെ പ്രവർത്തന ഫണ്ടിലേക്ക് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മില്ലിനും എന്തുതുക വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഉടമസ്ഥതയിലുള്ള ടെക്സ്റ്റൈൽ മില്ലുകൾ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപ ചെലവിടുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>തുണി മില്ലുകൾ</u>

1926 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ.കെ. വിജയൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലുമായി എത്രവീതം തുണി മില്ലുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പരുത്തിക്ഷാമം മൂലം ഈ മില്ലുകൾ പ്രവർത്തന സ്തംഭനത്തിലേയ്ക്ക് നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരുത്തിക്ഷാമം ഉണ്ടായതിനുശേഷം ഓരോ മില്ലിനും ഒരുമാസം ശരാശരി എത്ര തുക വീതം നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മില്ലുകൾക്ക് ആവശ്യമായ പരുത്തി എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

സ്പിന്നിംഗ് മിൽ ജീവനക്കാരെ സഹകരണ ചട്ടം അപ്പെൻഡിക്സിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

1927 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിലുള്ള സഹകരണമേഖലയിലെ സ്പിന്നിംഗ് മില്ലുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സഹകരണ ചട്ടം 182 ന്റെ അപ്പെൻഡിക്സ് 3ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക</u>

1928 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പാകുടിശ്ശിക തീർക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഭീമമായ കുടിശ്ശിക കാരണം, പ്രവർത്തന മൂലധനം ലഭിക്കാതെ ഭൂരിപക്ഷം സംഘങ്ങളും പ്രവർത്തന രഹിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൈത്തറി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>മാൽകൊ ടെക്സ് ചെയർമാൻ നിയമനം</u>

1929 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാർത്തലയിൽ പ്രവർത്തിക്കുന്ന മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ (മാൽകൊ ടെക്സ്) ചെയർമാൻ പദവിയിലേക്ക് സ്ഥിരം നിയമനം നടന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ബോർഡ് വിളിച്ചുകൂട്ടി എന്നത്തേക്ക് സ്ഥിരം ചെയർമാനെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ചെയർമാന്റെ ചുമതല വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡിൽ ജോലിചെയ്തിരുന്നയാളുടെ രാജി</u>

1930 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സഹകരണ സ്ഥാപനമായ കാർത്തലയിൽ പ്രവർത്തിക്കുന്ന മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡിൽ (മാൽകൊ ടെക്സ്) പ്യൂൺ തസ്തികയിൽ ജോലി ചെയ്തിരുന്ന അഷ്റഫ് അമ്പലത്തിങ്ങൽ എന്നാണ് സർവ്വീസിൽ നിന്ന് രാജി വെച്ചത് എന്നു വ്യക്തമാക്കാമോ;

(ബി) അദ്ദേഹത്തിന്റെ രാജിക്കത്ത് ഏതു തീയതിയിലാണ് ബോർഡ് അംഗീകരിച്ച് അദ്ദേഹത്തെ സർവ്വീസിൽ നിന്ന് ഒഴിവാക്കി കൊടുത്തത് എന്നു വ്യക്തമാക്കാമോ;

(സി) ഒരിക്കൽ സർവ്വീസിൽ നിന്ന് രാജിവെച്ചയാൾക്ക് അതേ തസ്തികയിൽ വീണ്ടും നിയമനം നല്കാൻ ബോർഡിനോ സർക്കാരിനോ അധികാരമുണ്ടോ എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>വ്യവസായ വാണിജ്യ ഫെസ്റ്റുകൾ</u>

1931

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ വർഷം തോറും നടത്തിവരുന്ന വ്യവസായ വാണിജ്യ ഫെസ്റ്റുകൾ ഏതെല്ലാമാണ്;

(ബി) ഇവ തുടർന്ന് നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ ഫെസ്റ്റുകൾ, സംസ്ഥാനത്തിന്റെ വ്യവസായ - വാണിജ്യ വളർച്ചയ്ക്ക് ഉത്തേജനം നല്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

സ്മാര്‍ട്ട് സിറ്റി നിര്‍മ്മാണ പ്രവര്‍ത്തനം വേഗത്തിലാക്കാന്‍ നടപടി

1932 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്മാര്‍ട്ട് സിറ്റി ഭൂമിക്ക് ഇടയിലൂടെ കടമ്പ്രയാര്‍ ഒഴുകുന്നതിനാല്‍ ഒറ്റ മേഖലയായി പരിഗണിക്കാന്‍ ആകില്ലെന്ന കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ മുന്‍ നിലപാടില്‍ ഇപ്പോള്‍ മാറ്റം വന്നിട്ടുണ്ടോ ;

(ബി) എങ്കില്‍ പദ്ധതി പ്രദേശത്ത് ശേഷിക്കുന്ന 114 ഏക്കറിന് കൂടി ഇപ്പോള്‍ പ്രത്യേക സാമ്പത്തിക മേഖല പദവി (സെസ്) നല്‍കാന്‍ കേന്ദ്രവാണിജ്യ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കില്‍ ഇതോടെ പദ്ധതി വിഭാവനം ചെയ്യുന്ന മൊത്തം 246 ഏക്കറോളം ഭൂമി ഒറ്റ സാമ്പത്തിക മേഖലയായി പരിഗണിക്കുവാന്‍ കഴിയുമോ ;

(ഡി) പദ്ധതി പ്രദേശത്തിന് മുഴുവന്‍ സെസ് പദവി നേടിയെടുക്കാന്‍ കഴിഞ്ഞ സാഹചര്യത്തില്‍ പദ്ധതിയുടെ നിര്‍മ്മാണ പ്രവര്‍ത്തനം എത്രയും വേഗം ആരംഭിക്കുന്ന കാര്യം സര്‍ക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദാംശങ്ങള്‍ അറിയിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ഐ. ടി. പാർക്കുകൾ

1933 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ഐ. ടി. പാർക്കുകൾ സ്ഥാപിക്കുമോ ;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ഐ. റ്റി. - ഫിനിഷിംഗ് സ്കൂള്‍</u>

1934 ശ്രീ. വി. റ്റി. ബല്‍റാം
,, എം. എ. വാഹീദ്
,, എ. റ്റി. ജോര്‍ജ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഐ. റ്റി. - ഫിനിഷിംഗ് സ്കൂള്‍ ആരംഭിക്കുവാന്‍ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(സി) ഇത് നടപ്പാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം ഉണ്ടാകുമോ;

(ഡി) എങ്കില്‍ ഇത് സംബന്ധിച്ചുള്ള വിവരങ്ങള്‍ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ഐ.ടി. വ്യവസായ സംരംഭം

1935 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക രംഗത്ത് ഉയർന്ന യോഗ്യത നേടിയിട്ടുള്ള യുവാക്കൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, ഐ.റ്റി. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് സർക്കാർ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു എന്ന കാര്യം വ്യക്തമാക്കാമോ;

(ബി) ഇത്തരം വ്യവസായ സംരംഭകർക്ക് പുതിയ ഇളവുകൾ എന്തെങ്കിലും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ഐ. റ്റി. വികസനത്തിനായി തൊഴിൽ നിയമം പരിഷ്ക്കരിക്കാൻ നടപടി

1936 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. റ്റി. വികസനത്തിനായി തൊഴിൽ വകുപ്പുമായി കൂടിയാലോചിച്ച് തൊഴിൽ നിയമം പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഐ. റ്റി. മേഖല 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാനുതകുന്ന പരിഷ്ക്കാരങ്ങൾക്ക് നടപടി എടുക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

ഹജ്ജ് തീർത്ഥാടനം

1937 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേരള സർക്കാരിന് കീഴിൽ എത്ര ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജിന് പോകാനായി എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര അപേക്ഷകർക്ക് അവസരം നൽകാനായില്ല ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ഹോട്ടലുകളിൽ പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യം ഏർപ്പെടുത്താൻ നടപടി</u>

1938 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നഗര പ്രദേശങ്ങളിലെ ഹോട്ടലുകളിൽ പ്രാഥമിക ആവശ്യങ്ങൾക്ക് സൗകര്യം ഏർപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കാൻ നഗര സഭാ തലത്തിൽ സംവിധാനമുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ഓരോ അസംബ്ലിമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക്

1939 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 'ഓരോ അസംബ്ലിമണ്ഡലത്തിലും ഓരോ വ്യവസായ പാർക്ക്' എന്ന പദ്ധതിപ്രകാരം സംസ്ഥാനത്തെ ഏതെല്ലാം മണ്ഡലത്തിലാണ് 2006-2011 കാലഘട്ടത്തിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ചത് ; ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലിക സ്ഥിതി വിശദമാക്കാമോ ; നിലവിൽ ഏതെല്ലാം അസംബ്ലിമണ്ഡലങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്കിന്റെ കാലികസ്ഥിതി വ്യക്തമാക്കാമോ ; വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ സർക്കാർ തയ്യാറാക്കുമോ ; വിശദീകരണം നല്കാമോ

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ബയോഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി</u>

1940 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ മാലിന്യസംസ്ക്കരണത്തിന് ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇപ്പോൾ സബ്സിഡി ലഭിക്കുന്നില്ല എന്നുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാലിന്യ പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് നഗരപ്രദേശങ്ങളിലും ഈ സബ്സിഡി ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ആറ്റിങ്ങൽ നഗരസഭയ്ക്ക് മാലിന്യ സംസ്കരണത്തിന് പ്രതേ്യക സഹായം

1941 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഴ് വർഷം തുടർച്ചയായി ശുചിത്വനഗരം എന്ന അംഗീകാരം ലഭിച്ച ആറ്റിങ്ങൽ നഗരസഭയ്ക്ക് മാലിന്യസംസ്കരണത്തിന് വേണ്ടി പ്രത്യേക സഹായം നൽകാൻ കഴിയുമോ ;

(ബി) ഗതാഗതക്കുരുക്കും അടിസ്ഥാന സൗകര്യക്കുറവും സാമ്പത്തിക ബുദ്ധിമുട്ടും നേരിടുന്ന ആറ്റിങ്ങൽ മുൻസിപ്പാലിറ്റിക്ക് പ്രത്യേക ധനസഹായം നൽകാൻ നടപടി സ്വീകരിക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>നഗര വികസന പദ്ധതികൾ</u>

1942 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര വികസനത്തിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുവോ ;

(ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ജനക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; എത്ര തുകയാണ് ഇതിലേയ്ക്കായി ചെലവഴിക്കപ്പെടുക; ആയത് എപ്രകാരം സമാഹരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം തുടക്കം കുറിയ്ക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>നഗരവികസനത്തിന്റെ ഭാഗമായി ഹൗസിംഗ് പദ്ധതി</u>

1943 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരവികസനത്തിന്റെ ഭാഗമായുള്ള ഹൗസിംഗ് പദ്ധതിക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) നഗരങ്ങളിലെ ഭൂമിയുടെ നിശ്ചിത ശതമാനം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇതു സംബന്ധിച്ച നിയമങ്ങൾ നിലവിലുളളതെന്നറിയാമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>നഗരസഭകളുടെ ധനസ്ഥിതി മെച്ചപ്പെടുത്താൻ നടപടി</u>

1944 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകൾ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പോലും നിവൃത്തിയില്ലാതെ കടക്കെണിയിൽ പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരസഭകൾക്ക് ദൈനംദിന ആവശ്യങ്ങൾക്കുപോലും പണമില്ലാത്ത അവസ്ഥ തരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) നഗരസഭകൾക്കുളള ഗ്രാന്റിൽ നിന്നും നേരിട്ട് ഗവൺമെന്റ് കുടിശ്ശിക ഈടാക്കുന്നുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>നഗരസഭകളുടെ മാലിന്യപ്രശ്നം പരിഹരിക്കുവാൻ നടപടി</u>

1945 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുവാൻ പദ്ധതികൾ ഉണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഫ്ളാറ്റുകളിലും മറ്റുമുള്ള മാലിന്യങ്ങൾ അതാതു സ്ഥലത്തുതന്നെ സംസ്ക്കരിക്കുന്നതിന് കെട്ടിട നിർമ്മാണചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ചേരി നിർമ്മാർജനത്തിന് പുതിയ കേന്ദ്ര പദ്ധതി

1946 ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ ചേരി നിർമ്മാർജനത്തിന് പുതിയ കേന്ദ്ര പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് സംബന്ധിച്ച പൈലറ്റ് പദ്ധതികൾ കോർപറേഷനും മുനിസിപ്പാലിറ്റികളും നിശ്ചിത സമയത്തിനകം സമർപ്പിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പൈലറ്റ് പദ്ധതി സമർപ്പിക്കാനുള്ള നടപടികൾ എടുക്കുമോ;

(ഇ) പൈലറ്റ് പ്രോജക്ടുമായി മുന്നോട്ട് പോയിട്ടുള്ളത് എതെല്ലാം സ്ഥാപനങ്ങളാണ്;

(എഫ്) ഈ പദ്ധതിയുടെ കേന്ദ്രസംസ്ഥാന വിഹിതങ്ങൾ എത്ര വീതമാണെന്ന് വിശദീകരിക്കുമോ;

(ജി) ഏത് മാനദണ്ഡത്തിലാണ് ചേരി നിർമ്മാർജനത്തിന് സ്ഥലങ്ങളെ തെരെഞ്ഞെടുക്കുന്നത്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

കൊച്ചി-കോയമ്പത്തൂര്‍ ഹൈടെക് കോറിഡോര്‍

1947 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കൊച്ചി-കോയമ്പത്തൂര്‍ ഹൈടെക് കോറിഡോര്‍ എന്ന പ്രോജക്ടിന്റെ നോഡല്‍ ഏജന്‍സി ഏതാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) എന്നാണ് നോഡല്‍ ഏജന്‍സിയെ നിശ്ചയിച്ചത് ;

(സി) കേന്ദ്ര സര്‍ക്കാരും തമിഴ്നാട് സര്‍ക്കാരും ഈ പ്രോജക്റ്റുമായി സഹകരിക്കുന്നുണ്ടോ ;

(ഡി) ഈ പ്രോജക്റ്റിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>റൂറൽ അപ്പാരൽ പാർക്കുകൾ</u>

1948 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിൻഫ്ര ആരംഭിക്കാൻ തീരുമാനിച്ചിരുന്ന റൂറൽ അപ്പാരൽ പാർക്കുകളിൽ ഏതിന്റെയെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവൃത്തി ആരംഭിച്ചവ എന്നത്തേയ്ക്ക് പൂർത്തിയാകും;

(സി) ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പൊതുസർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് സ്പെഷ്യൽ റൂൾ</u>

1949 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമവികസന വകുപ്പുകളിൽ പൊതുസർവ്വീസ് രൂപീകരിക്കുന്ന തീരുമാനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ നയം വ്യക്തമാക്കാമോ;

(സി) പൊതുസർവ്വീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് സ്പെഷ്യൽ റൂൾ എന്നേക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) മുനിസിപ്പൽ കോർപ്പറേഷനിൽ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് മാനദണ്ഡം രൂപീകരിച്ചപ്പോൾ ഡെപ്യൂട്ടേഷൻ സർവ്വീസിലുള്ളവരെ ഔട്ട്സൈഡ് സർവ്വീസായി പരിഗണിച്ച് അവർക്കും ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗിന് മുൻഗണന നൽകുമോ;

(ഇ) ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗിനുള്ള മാനദണ്ഡം പരിഷ്ക്കരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ആധാർ കാർഡ് രജിസ്ട്രേഷൻ</u>

1950 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കുടുംബാംഗങ്ങളെയും ആധാർ കാർഡ് രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി സംസ്ഥാനത്ത് എങ്ങനെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കി അവസാനിപ്പിക്കുവാൻ കാലാവധി തീരുമാനിച്ചിട്ടുണ്ടോ;

(സി) ഓരോ ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിലേക്ക് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണെന്ന് അറിയിക്കുമോ;

(ഡി) ആധാർ രജിസ്ട്രേഷൻ നടത്തുന്ന ഏജൻസിക്ക് എന്ത് ധനസഹായമാണ് സർക്കാർ നൽകുന്നത്; ഈ ഫണ്ട് എവിടെ നിന്നാണ് ലഭ്യമാക്കുന്നത്;

(ഇ) ആധാർ കാർഡ് എന്ത് ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുവാൻ കഴിയുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ; പ്രസ്തുത രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് എതിർപ്പുകൾ എന്തെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ആധാർ പദ്ധതി</u>

T1951 ശ്രീ. വി. റ്റി. ബൽറാം
'' വി. ഡി. സതീശൻ
'' റ്റി. എൻ. പ്രതാപൻ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആധാർ നമ്പർ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുവരെ കേരളത്തിൽ ആധാർ നമ്പർ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഓരോ രജിസ്ട്രേഷനും അക്ഷയ സെന്ററിന് ലഭിക്കുന്ന പ്രതിഫലം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അക്ഷയ സെന്ററുകൾക്ക് പ്രതിഫലം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ആധാർ രജിസ്ട്രേഷൻ പദ്ധതി</u>

1952 ശ്രീ.മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാർ പദ്ധതിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിരമായി ഇടപെടുമോ ;

(ബി) ആധാർ പദ്ധതിയുടെ രജിസ്ട്രേഷന് എല്ലാ പഞ്ചായത്തു വാർഡുകളിലുമായി കൗണ്ടറുകൾ തുടങ്ങുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) അക്ഷയ സെന്ററുകളിൽ ജനങ്ങൾ മണിക്കൂറുകളായി ക്യൂനിന്ന് രജിസ്ട്രേഷനും ഫോട്ടോയെടുപ്പും നടത്തുന്നത് അവസാനിപ്പിച്ച് ജനങ്ങൾക്ക് ഏറ്റവും അടുത്തുള്ള കേന്ദ്രങ്ങളിൽ കൗണ്ടർ തുടങ്ങുവാൻ സർക്കാർ ശ്രമമാരംഭിക്കുമോ ;

(ഡി) ആധാർ രജിസ്ട്രേഷൻ തീയതി നീട്ടുന്നകാര്യം സർക്കാർ പരിശോധിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>രാജീവ് ആവാസ് യോജന പദ്ധതി</u>

1953 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

രാജീവ് ആവാസ് യോജന പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങള്‍</u>

1954 ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി
,, പി. ബി. അബ്ദുള്‍ റസാക്
,, മഞ്ഞളാംകുഴി അലി
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്

**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**

സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷ സമുദായാംഗങ്ങളെ ഉയര്‍ന്ന മത്സരപരീക്ഷകള്‍ക്കായി പരിശീലിപ്പിക്കുന്നതിന് ഏതെല്ലാം കേന്ദ്രങ്ങള്‍ നിലവിലുണ്ടെന്നും പുതുതായി ഏതെല്ലാം കേന്ദ്രങ്ങള്‍ തുടങ്ങാന്‍ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഹജ്ജ് ഹൗസ് കേന്ദ്രീകരിച്ച് ഇത്തരം ഒരു കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗക്കാർക്കായുള്ള കേന്ദ്ര പാക്കേജ്</u>

1955 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും,**
**നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുത്തി ന്യൂനപക്ഷവിഭാഗക്കാർക്കായുള്ള പ്രത്യേക കേന്ദ്ര പാക്കേജിൽ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളെയാണ് ഉൾപ്പെടുത്തിയിട്ടുളളതെന്ന് അറിയിക്കാമോ;

(ബി) ജില്ലകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഉൾപ്പെടുത്താതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ജില്ലാ ന്യൂനപക്ഷക്ഷേമ ഓഫീസുകൾ</u>

1956 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ ജില്ലാതല ഓഫീസ് മാതൃകയിൽ ജില്ലാന്യൂനപക്ഷക്ഷേമ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ന്യൂനപക്ഷക്ഷേമ ഓഫീസ് വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>സച്ചാർ കമ്മീഷൻ ശുപാർശകൾ</u>

1957 ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സച്ചാർ കമ്മീഷൻ ശുപാർശകൾ നടപ്പാക്കുവാൻ എന്ന പേരിൽ പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ നിയമിച്ച കമ്മിറ്റി എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചത്;

(ബി) സച്ചാർ കമ്മിഷന്റെ നിർദ്ദേശങ്ങളല്ലാതെ പാലോളി കമ്മിറ്റി മറ്റ് നിർദ്ദേശങ്ങൾ എന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ;

(സി) സച്ചാർ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ഏതെല്ലാം കാര്യങ്ങൾ നടപ്പാക്കി;

(ഡി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

പാണപ്പുഴ വ്യവസായ പാർക്ക്

1958 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട പാണപ്പുഴ വില്ലേജിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി എന്തായെന്ന് വ്യക്തമാക്കുമോ;

(ബി) പാർക്കിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രാക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ

1959 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രേക്ക് വേണ്ടി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത ഭൂമിയിൽ വെറ്റ്ലാന്റ് ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് എത്ര എക്കറാണെന്ന് വ്യക്തമാക്കുമോ ;

(സി) വ്യവസായ ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ആ പ്രദേശത്ത് ഭൂമി നഷ്ടപ്പെടുന്ന കർഷകരെ ഈ വിവരം ബോദ്ധ്യപ്പെടുത്തേണ്ടതിലേക്ക് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) വ്യവസായ ആവശ്യങ്ങൾക്ക് ഭൂമി വിട്ടു നൽകുമ്പോൾ ഭൂമിയുടെ വില നിശ്ചയിച്ചു നൽകുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) കർഷകർ ഭൂമി വിട്ടുനൽകുവാൻ തയ്യാറായാൽ കമ്പോള വില നൽകി ഭൂമി ഏറ്റെടുക്കുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നഗരസഭ സമഗ്ര ശിശു-ബാല സൗഹൃദ നഗരസഭ</u>

1960 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭ മുൻ സർക്കാറിന്റെ കാലത്ത് സമർപ്പിച്ച 'കൊയിലാണ്ടി നഗരസഭ സമഗ്ര ശിശു-ബാല സൗഹൃദ നഗരസഭ' പദ്ധതിയിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്നത് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച 23-02-2010 തീയതിയിലെ സർക്കാർ കത്ത് നമ്പർ.6320/ഡി.സി3/2011 ത.സ്വ.ഭ.വ. പ്രകാരം നഗരസഭ ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വരവൂർ വ്യവസായ പാർക്ക്</u>

1961 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ നിർദ്ദിഷ്ട വരവൂർ വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) സമയബന്ധിതമായി ഒരു വർഷത്തിനുളളിൽത്തന്നെ വ്യവസായ പാർക്കിന്റെ പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>മാലിന്യ നിർമ്മാർജ്ജനത്തിന് പദ്ധതികൾ</u>

1962 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ, നഗരസഭാ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ രൂപം കൊടുത്തിട്ടുള്ള മാലിന്യ നിർമ്മാർജന പദ്ധതികൾ കാര്യക്ഷമമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനത്തിന് കാര്യക്ഷമമായ പദ്ധതികൾ ഇല്ലാത്തത് സംസ്ഥാനം ആർജിച്ചിട്ടുള്ള നേട്ടങ്ങളുടെ ശോഭ കെടുത്തുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിന് കാലാനുസൃതവും ആധുനിക സാങ്കേതിക വിദ്യയുടെ സഹായവും ഉപയോഗിച്ചുള്ള പദ്ധതികൾ സംസ്ഥാനത്ത് ഉടനീളം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>നഗരസഭകളുടെ കാര്യശേഷി</u>

1963 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക നഗരസഭകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) നഗരസഭകളുടെ സാമ്പത്തിക ശേഷിയും അതോടൊപ്പം കാര്യശേഷിയും വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) നഗരങ്ങളുടെ ആസൂത്രണ വികസനത്തിലെ പാകപ്പിഴകൾ തിരിച്ചറിഞ്ഞ് കേന്ദ്രസർക്കാർ 2005-06 ൽ ആവിഷ്ക്കരിച്ച ജവഹർലാൽ നെഹ്റു ദേശീയ നവീകരണ പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

നഗരസഭകളുടെ പ്രവര്‍ത്തനം

1964

ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളുടെ തനത് വരുമാനം വര്‍ദ്ധിപ്പിക്കാന്‍ സര്‍ക്കാര്‍ എന്തെങ്കിലും പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) കേരളത്തിലെ പല നഗരസഭകളിലും സെക്രട്ടറി തസ്തികയും എഞ്ചിനീയറിംഗ് തസ്തികകളും ഒഴി ഞ്ഞുകിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് നഗര സഭയുടെ പദ്ധതി പ്രവര്‍ത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയില്‍ വന്നിട്ടുണ്ടോ; ഒഴിവുകള്‍ അടിയന്തിരമായി നികത്താന്‍ നടപടികള്‍ സ്വീകരിക്കുമോ;

(സി) കൊയിലാണ്ടി നഗരസഭയില്‍ ജനകീയാസൂത്രണം കോ-ഓര്‍ഡിനേറ്റര്‍ തസ്തികയിലേക്ക് എച്ച്.എസ്.എ സ്. ഡിപ്പാര്‍ട്ട്മെന്റില്‍ ജി.എച്ച്.എച്ച്.എസ്. ബേപ്പൂരില്‍ നിന്നുള്ള അദ്ധ്യാപികയെ വിട്ടുനല്‍കാനുള്ള നടപടി യുടെ വിശദാംശം എന്തെന്നറിയിക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ നഗരസഭയ്ക്ക് മാലിന്യസംസ്ക്കരണത്തിന് സാമ്പത്തിക സഹായം</u>

1965

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയ്ക്ക് മാലിന്യസംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) ആലപ്പുഴ ആരോഗ്യ പാക്കേജിൽ ഉൾപ്പെടുത്തി വികേന്ദ്രീകൃത മാലിന്യസംസ്ക്കരണം നടത്തുന്ന വിധം ചെറിയ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി കരാറിലെ വ്യവസ്ഥകൾ</u>

1966 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി കരാറിൽ മുൻസർക്കാർ കൂട്ടിച്ചേർത്ത ഏതെങ്കിലും വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) സെസ് പദവിയിൽ മാറ്റം ലഭിക്കുന്നതിനായി കൂടുതൽ ഭൂമി ടീക്കോമിനായി വിട്ടുനൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര ;

(ഡി) അതിലൂടെ സെസ് പദവിയിൽ ഉണ്ടാകുന്ന മാറ്റമെന്തെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

## സ്മാർട്ട് സിറ്റി

1967 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ
'' പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒന്നാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് ദുബായ് സ്മാർട്ട് സിറ്റി ഉന്നതാധികാര സമിതി എത്ര കോടി രൂപ അനുവദിച്ചു; ഈ നിർമ്മാണപ്രവർത്തനങ്ങൾക്ക് എത്ര ഏക്കർ സ്ഥലം നൽകുമെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര കാലാവധിക്കുളളിൽ ഒന്നാം ഘട്ടം പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി നിർമ്മാണ പ്രവർത്തനം</u>

1968 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും** വകുപ്പു **മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കും ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ടീക്കോമുമായി ഏതെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) ആദ്യ ഘട്ടം എന്ന് പൂർത്തിയാകും ;

(ഡി) ആദ്യഘട്ടം പൂർത്തിയാകുമ്പോൾ എത്ര പേർക്ക് നേരിട്ട് തൊഴിൽ കൊടുക്കാനാകുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

സ്മാർട്ട്സിറ്റി പദ്ധതിയുടെ സമയബന്ധിതമായ
പൂർത്തീകരണത്തിന് സംവിധാനം

1969 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്നു തുടക്കം കുറിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ബി) സ്മാർട്ട്സിറ്റിയുടെ നിർമ്മിതി എത്ര ഘട്ടമായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു ; ഓരോ ഘട്ടത്തിലും ചെയ്തു തീർക്കേണ്ട പ്രവൃത്തിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ഫലപ്രദമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ആഗോള നിക്ഷേപ സംഗമം</u>

1970 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനായി ഒരു ആഗോള നിക്ഷേപ സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എവിടെയാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് എന്ന് നടത്താനാകും;

(ഡി) ഇതിന്റെ നടത്തിപ്പിനായി കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ഇ) ആരെയാണ് ഇതിന്റെ നടത്തിപ്പിന്റെ ചുമതല ഏല്പിച്ചിരിക്കുന്നത് ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 25.

□o□ ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.